ഹാലോവീൻ പാർട്ടിക്കിടെ ലൈംഗികാതിക്രമം: പ്രതിയെ കസ്റ്റഡിയിൽ വിട്ടു

കൊച്ചി: ആലുവയിൽ ഹാലോവീൻ പാർട്ടിക്കിടെ ലൈംഗികാതിക്രമം നടത്തിയെന്ന കേസിൽ പ്രതി അലക്സിനെ പൊലീസ് കസ്റ്റഡിയിൽ വിട്ടു. ഇന്നു വൈകിട്ട് നാല് വരെയാണ് കസ്റ്റഡി. അലക്സിന്റെ ജാമ്യ ഹർജി സെഷൻസ് കോടതി തള്ളിയിരുന്നു.

ഹാലോവീൻ പാർട്ടിക്കിടെ പതിനഞ്ചുകാരിയോട് ലൈംഗികാതിക്രമം നടത്തിയെന്നാണ് അലക്സിനെതിരായ കേസ്. പാർട്ടി സംഘടിപ്പിച്ചത് ഇരുപത്തിരണ്ടുകാരിയുടെ നേതൃത്വത്തിലെന്നാണ് വിവരം. എംഡിഎഎ ഉൾപ്പെടെയുള്ള രാസലഹരി വസ്തുക്കൾ പാർട്ടിയിൽ ഉപയോഗിച്ചോയെന്നും പൊലീസ് അന്വേഷിക്കുന്നുണ്ട്. കഴിഞ്ഞ മാസം 31നാണ് ആലുവയിലെ റിസോർട്ടിൽ ഹാലോവീൻ പാർട്ടി സംഘടിപ്പിച്ചത്. പങ്കെടുത്തവരിൽ ഏറെയും പ്രായപൂർത്തിയാകാത്ത വിദ്യാർഥികളായിരുന്നു.

ശബരിമല: ആരോഗ്യ വകുപ്പ് സജ്ജം; പമ്പയിൽ 24 മണിക്കൂർ കൺട്രോൾ റൂം

സന്നിധാനം: മണ്ഡല- മകരവിളക്ക് തീർഥാടന കാലത്ത് ശബരിമലയിലെത്തുന്നവർക്ക് സമഗ്രമായ ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കാൻ ആരോഗ്യ വകുപ്പ് വിപുലമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ജനുവരി 21 വരെ നീളുന്ന തീർഥാടന കാലത്ത് സന്നിധാനം, പമ്പ, നിലയ്ക്കൽ, പരമ്പരാഗത കാനന പാതകൾ എന്നിവിടങ്ങളിലെ ആരോഗ്യ കേന്ദ്രങ്ങൾ വഴി 24 മണിക്കൂറും ആരോഗ്യ സേവനം ലഭ്യമാക്കും.

സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ ആശുപത്രികൾക്കും വിവിധ എമർജൻസി മെഡിക്കൽ സെന്ററുകൾക്കും ആവശ്യമായ ഡോക്ടർമാർ, നഴ്സിങ് ഓഫിസർമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവരെ നിയോഗിച്ചിട്ടുണ്ട്. അടിയന്തര ചികിത്സ



യ്ക്കും ഹൃദയ സംബന്ധമായ അത്യാഹിതങ്ങൾക്കും പ്രത്യേക പരിഗണന നൽകും. രോഗികളെ വിദഗ്ധ ചികിത്സയ്ക്കായി ഉയർന്ന ചികിത്സാ കേന്ദ്രങ്ങളിലേക്ക് മാറ്റുന്നതിനും ആംബുലൻസ് സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

ആരോഗ്യ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി പമ്പ ഗവൺമെന്റ് ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ആരോഗ്യ നിയന്ത്രണ കേന്ദ്രം സജ്ജമാക്കി. എമർജൻസി മെഡിക്കൽ സെന്ററുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുക, അടിയന്തര സാഹചര്യങ്ങളിൽ ആംബുലൻസ് സേവനം ലഭ്യമാക്കുക, സ്ട്രെച്ചർ സേവനം ക്രമീകരിക്കുക, വിവിധ ഭാഷകളിൽ തീർഥാടകർക്ക് ആവശ്യമായ സഹായം നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ കൺട്രോൾ റൂം വഴി ഏകോപിപ്പിക്കും. അടിയന്തര ആവശ്യങ്ങൾക്ക് 0473 5203232 എന്ന നമ്പറിൽ ബന്ധപ്പെടാം.

പുരസ്കാരത്തിളക്കത്തിൽ 'മെയ്ഡ് ഇൻ'



രാജേഷ്

കൊച്ചി: കാലിഫോർണിയ ആസ്ഥാനമായ ഹോളിവുഡ് ഇന്റർനാഷണൽ ഇൻഡി ഫിലിം ഫെസ്റ്റിവലിൽ പുരസ്കാരം സ്വന്തമാക്കി മലയാള ഹ്രസ്വ ചിത്രം 'മെയ്ഡ് ഇൻ. മികച്ച അന്താരാഷ്ട്ര ഡ്രാമ ഹ്രസ്വ ചിത്രത്തിനുള്ള അവാർഡാണ് 'മെയ്ഡ് ഇൻ' കരസ്ഥമാക്കിയത്. 2026 ലെ ഔദ്യോഗിക സെലക്ഷനും ഹ്രസ്വചിത്രത്തിന് ലഭിച്ചു.

കഴിഞ്ഞ രണ്ടു വർഷത്തിനിടെ 47ഓളം ദേശീയ അന്തർദേശീയ, പുരസ്കാരങ്ങൾ നേടിയ നിശബ്ദ ചിത്രമാണ് മെയ്ഡ് ഇൻ. വാണിജ്യതാത്പര്യങ്ങൾക്കായി ലോകത്തെ ഉപയോഗിക്കുന്ന ഏകാധിപത്യ ഭരണകൂടത്തിന്റെ നിഗൂഢ പ്രവർത്തനങ്ങളിലേക്ക് വെളിച്ചംവീശുന്നതാണ് ചിത്രത്തിന്റെ പ്രമേയം. യുദ്ധത്തിൽ കാൽ നഷ്ടപ്പെട്ട് വിശ്രമജീവിതം നയിക്കുന്ന സൈനികന്റെ കാഴ്ചപ്പാടിലൂടെയാണ് ചിത്രം മുന്നോട്ടുപോകുന്നത്. എൽ.കെ. പ്രൊഡക്ഷൻസിന്റെ ബാനറിൽ രാജേഷ് പുത്തൻപുരയിലാണ് ചിത്രത്തിന്റെ രചനയും സംവിധാനവും നിർവഹിച്ചിരിക്കുന്നത്.

സിസ തോമസിനെ ബിജെപിയായി ചാപ്പ കുത്തരുത്; അടിയുറച്ച കോൺഗ്രസ് കുടുംബമെന്ന് ഷിബു

തിരുവനന്തപുരം: കാലടി ശ്രീശങ്കരാചാര്യ സർവകലാശാല വൈസ് ചാൻസലർ ഡോ. സിസ തോമസിനെ ബിജെപിയായി ചാപ്പ കുത്തരുതെന്ന് മന്ത്രി ഷിബു ബേബി ജോൺ. അവർ ബിജെപിയല്ലെന്നും അടിയുറച്ച കോൺഗ്രസ് കുടുംബമാണ് അവരുടേതെന്നും സിസ തോമസിന്റെ ഭർത്താവ് തന്റെ സഹപാഠിയാണെന്നും ഷിബു ബേബി ജോൺ പറഞ്ഞു. ആർഎസ്പി യോഗത്തിൽ സംസാരിക്കുന്നതിനിടെയായിരുന്നു മന്ത്രിയുടെ പരാമർശം.

ബോർഡ്, കോർപ്പറേഷൻ നിയമനങ്ങൾ വൈകുന്നതിലും ഷിബു വിമർശനം ഉന്നയിച്ചു. യുഡിഎഫിനെ അധികാരത്തിൽ എത്തിച്ചതിൽ ആർഎസ്പിക്കുള്ള പങ്ക് വിസ്മരിക്കാനാവില്ലെന്നും താൻ മാത്രം മന്ത്രിയായി ഇരുന്നാൽ മതിയോ എന്ന് സഖാക്കൾ ചോദിക്കുന്ന അവസ്ഥയുണ്ടാക്കരുതെന്നും മന്ത്രി പറഞ്ഞു. ബോർഡ്, കോർപ്പറേഷൻ നിയനവുമായി ബന്ധപ്പെട്ട് യുഡിഎഫിന്റെ ഭാഗത്തുനിന്ന് മാന്യതയുണ്ടാകുമെന്നാണ് കരുതുന്നതെന്ന് ഷിബു ബേബി ജോൺ പറഞ്ഞു.

ഞാൻ പാർട്ടിയുടെ സെക്രട്ടറിയും മന്ത്രിയുമായി പ്രവർത്തിക്കുമ്പോൾ ഒരു കുറ്റബോധമുണ്ട് സഖാക്കളെ കാണുമ്പോൾ. അവർ മുഖത്ത് നോക്കി ചോദിച്ചില്ലെങ്കിലും താൻ മാത്രം മന്ത്രിയായിരുന്നാൽ മതിയോ, ഞങ്ങളൊക്കെ ഇങ്ങനെയൊക്കെ നടന്നാൽ മതിയോ എന്ന് അവർ ചോദിക്കില്ലേ. ബോർഡ്, കോർപ്പറേഷൻ നിയമനങ്ങൾ അടിയന്തരമായി നടത്തണം.

ഒരിക്കൽ പോലും യുഡിഎഫിൽ അമിതമായി അവകാശവാദം ഉന്നയിക്കുന്ന പ്രസ്ഥാനമല്ല ആർഎസ്പി. അതുകൊണ്ടു തന്നെ അതിന് അനുയോജ്യമായ ഒരു മാന്യത എല്ലാ കാര്യങ്ങളിലും യുഡിഎഫിന്റെ ഭാഗത്തു നിന്നുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഷിബു ബേബി ജോൺ പറഞ്ഞു.

12ാം പ്രദീപ് പി. തേവന്നൂർ ഹാക്കത്തൺ സംഘടിപ്പിച്ചു

കൊച്ചി: 12ാം പ്രദീപ് പി. തേവന്നൂർ ഹാക്കത്തൺ മത്സരം കറുകുറ്റി എസ്സിഎംഎസ് എൻജിനീയറിങ് കോളെജിൽ എസ്സിഎംഎസ് ഗ്രൂപ്പ് ഒഫ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് വൈസ് ചെയർമാൻ ഡോ. രാധ തേവന്നൂർ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. ജെൻസൻ ജോസഫ് അധ്യക്ഷനായ ചടങ്ങിൽ ആർ & ഡി ഡെപ്യൂട്ടി ഡീൻ ഡോ. വരുൺ ജി. മേനോൻ, പ്രൊഫസർ ഡോ. വി. സുരേഷ് കുമാർ, കോ-ഓർഡിനേറ്റർ ഡോ. കെ. ദീപ എന്നിവർ പങ്കെടുത്തു.

ഹൈസ്കൂൾ, പോളിടെക്നിക് വിഭാഗങ്ങളിൽ നിന്നുള്ള 42 വിദ്യാലയങ്ങളിൽ നിന്നായി 168 വിദ്യാർഥികളാണ് മത്സരത്തിൽ പങ്കെടുക്കുന്നത്. സ്മാർട്ട് മൊബിലിറ്റി, കാലാവസ്ഥാമാറ്റവും പ്രകൃതി ദുരന്തങ്ങളും സമൂഹത്തിലെ സാധാരണക്കാരെ ഉൾക്കൊള്ളുന്ന ആധുനിക സാങ്കേതികവിദ്യ എന്നീ തലങ്ങളിലെ വിഷയങ്ങളുമായി ബന്ധപ്പെട്ട പ്രായോഗിക നിർദേശങ്ങൾ മാതൃകകൾ സഹിതം അവതരിപ്പിക്കുക എന്നതാണ് മത്സരയിനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഹാക്കത്തൺ ഇന്ന് സമാപിക്കും.



12ാം പ്രദീപ് പി. തേവന്നൂർ ഹാക്കത്തൺ മത്സരം എസ്സിഎംഎസ് ഗ്രൂപ്പ് വൈസ് ചെയർമാൻ ഡോ. രാധ തേവന്നൂർ ഉദ്ഘാടനം ചെയ്യുന്നു. എക്സിക്യൂട്ടിവ് ചെയർമാൻ പ്രൊഫ. പ്രമോദ് പി. തേവന്നൂർ, ഡയറക്ടർ ഡോ. പ്രവീൺസാൽ, പ്രിൻസിപ്പൽ ഡോ. ജെൻസൻ ജോസഫ്, ഡോ. സുരേഷ് കുമാർ, ഡോ. വരുൺ ജി. മേനോൻ, ഡോ. ദീപ തുടങ്ങിയവർ സമീപം.

അറിയിപ്പ്

KL-32-D-437 എന്ന രജിസ്ട്രേഷൻ നമ്പറുള്ള വാഹനത്തിന്റെ ഉടമ മോട്ടോർ സൈക്കിൾ മനോജ് എൻ കൊഞ്ഞയിൽ കെ ആർ പുരം പി.ഒ. ചേർത്തല ആർ സി ബുക്ക് നഷ്ടപ്പെട്ടതായി ചേർത്തല ആർ റ്റി ഓഫിസിൽ അറിയിച്ചിട്ടുണ്ട്. ടി ആർ സി ബുക്ക് ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ 15 ദിവസത്തിനകം ടി ആഫിസിൽ അറിയിക്കേണ്ടതാണ്.

എന്ന്
ജോയിന്റ് ആർ.റ്റി.ഒ
ചേർത്തല
ഒപ്പ്
ചേർത്തല
16/11/2026

അറിയിപ്പ്

KL-08-AL-4637, M/CYCLE വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ട എന്ന് അറിയിച്ച് ടി വാഹന ഉടമ REMYA JOSEPH, BRAHMAKULATH THEKKETH-(H), ELTHURUTH, THRISSUR ഡ്യൂപ്ലിക്കേറ്റ് രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 7 ദിവസത്തിനകം തൃശ്ശൂർ RTO യിൽ രേഖാമൂലം അറിയിക്കുവാൻ താത് പര്യപ്പെടുന്നു. ഒറിജിനൽ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളവർ ആയത് ഈ ഓഫിസിൽ ഹാജരാക്കേണ്ടതാണ്.
എന്ന്
ഒപ്പ്
അഡിഷണൽ രജിസ്ട്രറിങ് അതോറിറ്റി
തൃശ്ശൂർ

നഷ്ടപ്പെട്ടു

എനിക്കും എന്റെ ഭാര്യ സുനിജ എന്നവർക്കും കൂടി കുട്ടനെല്ലൂർ സബ്ബ് രജിസ്ട്രേ 1 -ാം ബുക്ക് 2003 ലെ 1771-ാം നമ്പ്രായാധാരപ്രകാരം സിദ്ധിച്ച ഒല്ലൂർ വില്ലേജ് റീസർവ്വെ 28/72 (മുൻ സർവെ 373/2) ൽ 3.28 ആർ വഹകൾ മേൽ പറഞ്ഞ സുനിജ എന്നവരുടെ മരണശേഷം ടിയാരിയുടെ ഏക പിൻതുടർച്ചാവകാശിയായ എനിക്ക് തനിച്ച് സിദ്ധിച്ചതുമാകുന്നു. മേൽ തീറാധാരത്തിന്റെ കിഴ്ശേഖളായ കുട്ടനെല്ലൂർ സബ്ബ്രജിസ്ട്രേ 1-ാം ബുക്ക് 2000 ലെ 4016-ാം നമ്പ്രാധാരത്തിന്റെ ടി രജിസ്ട്രേ 1-ാം ബുക്ക് 2001 ലെ 310-ാം നമ്പ്രാധാരത്തിന്റെയും അസ്സൽ തിരികെ ലഭിക്കാനാവത്തവിധം നഷ്ടപ്പെട്ടിട്ടുള്ളതാണ് മാത്രമല്ലമേൽ ആധാരംമ്മാർക്കും പണയപ്പെടുത്തുകയോ ബാദ്ധ്യതപ്പെടുത്തുകയോ മറ്റൊ ചെയ്തിട്ടില്ല അതിനാൽ മേൽവഹകളെ സംബന്ധിച്ചോ ആധാരങ്ങളെ സംബന്ധിച്ചോ ആർക്കെങ്കിലും എതെങ്കിലും രീതിയിലുള്ള ചാർജ്ജോ, പണയമോ, അവകാശങ്ങളോ പരാതികളോ ഉണ്ടെങ്കിൽ ഇന്നു മുതൽ ഏഴ് ദിവസത്തിനകം എന്നെ രേഖമൂലം അിറയിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം മേൽവിവരിച്ച ആധാരങ്ങളുടെ സർട്ടിഫൈഡ് കോപ്പികാരിജിനൽ ആയി പരിഗണിച്ച് മേൽവഹകർ ക്രയവിക്രയം ചെയ്തുനതാണെന്നും ഇതിനാൽ അിറയിച്ച് കൊള്ളുന്നു.
എന്ന്
ശിവദാസൻ ,വടക്കേപുരയ്ക്കൽവീട്,
അഞ്ചേരി, പി.ഒ.കുരിയച്ചിറ 680006,
ഫോൺ- 6282522543

അറിയിപ്പ്

KL-08-BX-7022, M/CAR വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്ന് അറിയിച്ച് ടി വാഹന ഉടമ DR. NATASHA JAMES, KALAMBADAN-(H), OLLUR, THRISSUR ഡ്യൂപ്ലിക്കേറ്റ് രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യ തീയതി മുതൽ 7 ദിവസത്തിനകം തൃശ്ശൂർ RTO യിൽ രേഖാമൂലം അറിയിക്കുവാൻ താത് പര്യപ്പെടുന്നു. ഒറിജിനൽ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളവർ ആയത് ഈ ഓഫിസിൽ ഹാജരാക്കേണ്ടതാണ്.
എന്ന്
ഒപ്പ്
അഡിഷണൽ രജിസ്ട്രറിങ് അതോറിറ്റി
തൃശ്ശൂർ

അറിയിപ്പ്

KRR-5530, M/CYCLE വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്ന് അറിയിച്ച് ടി വാഹന ഉടമ BABY, THANIKKATU-(H), CHEMBUTHRA, THRISSUR ഡ്യൂപ്ലിക്കേറ്റ് രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യ തീയ തി മുതൽ 7 ദിവസത്തിനകം തൃശ്ശൂർ RTO യിൽ രേഖാമൂലം അറിയിക്കുവാൻ താത്പര്യപ്പെടുന്നു. ഒറിജിനൽ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളവർ ആയത് ഈ ഓഫിസിൽ ഹാജരാക്കേണ്ടതാണ്.
എന്ന്
ഒപ്പ്
അഡിഷണൽ രജിസ്ട്രറിങ് അതോറിറ്റി
തൃശ്ശൂർ

ബഹുമാനപ്പെട്ട ഡെറ്റ്സ് റിക്കവറി ട്രൈബ്യൂണൽ-I കർണാടക, ബംഗളൂരു മുമ്പാകെ

ഒ.എ. നമ്പർ 1028/2023

തമ്മിൽ:
ഇന്ത്യൻ ബാങ്ക്
നൂ തിപ്പിസാന്ദ്ര ശാഖ ...അപേക്ഷകൻ
AND:
M/s ട്രാൻസ്ലോഗ് സപ്പോർട്ട് സർവിസസ് പ്രൈവറ്റ് ലിമിറ്റഡ് ...എതിർകക്ഷി:

1993ലെ ഡെറ്റ്സ് റിക്കവറി ട്രൈബ്യൂണൽ നടപടിക്രമ ചട്ടങ്ങളിലെ ചട്ടം-23 (viii) പ്രകാരം പത്രപരസ്യം മുഖേന പ്രതികൾക്ക് നൽകുന്ന സമൻസ്: -

To,
എതിർകക്ഷികൾക്ക്
1. M/s ട്രാൻസ്ലോഗ് സപ്പോർട്ട് സർവിസസ് പ്രൈവറ്റ് ലിമിറ്റഡ്, മേൽവിലാസം: നമ്പർ 15, മൂന്നാം നില, ജീവൻ ഭീമ നഗർ, എച്ച്എഎൽ രണ്ടാം സ്റ്റേജ്, ബംഗളൂരു- 560 075, ഡയറക്ടർമാർ മുഖേന പ്രതിനിധികരിക്കുന്നത്. സിഐഎൻ: U74900KA2013PTC069179, പാൻ: AAECT6234A
3. ശ്രീ സി. കെ. സന്ദീപ് കുമാർ, S/o ചന്ദ്രശേഖരൻ, പ്രായപൂർത്തിയായ ആൾ, ഫ്ലാറ്റ് നമ്പർ 7, കെ ജി അപ്പാർട്ടമെന്റ്സ്, കൊടിഗെഹള്ളി, ദൊഡ്ഡബൊമ്മസാന്ദ്ര മെയിൻ റോഡ്, ബംഗളൂരു- 560097. പാൻ: ARSPK0823C
4. ശ്രീ ടി.എൻ. രഞ്ജിത്ത്, S/o തോണിയോട്ട് മാത്തൻ പത്മനാഭൻ, പ്രായപൂർത്തിയായ ആൾ, നമ്പർ 65, വാരണാസി മെയിൻ റോഡ്, ജിങ്കെ തിമ്മണ്ണ, രാമമൂർത്തി നഗർ, ബംഗളൂരു, കർണാടക- 560036.
5. ശ്രീമതി വീണ പ്രഭാകർ, W/o ശ്രീ എൻ.പി. പ്രഭാകർ, പ്രായപൂർത്തിയായ ആൾ, വിലാസം: വസന്തം, കിഴുത്തള്ളി താഴെ യഹോവ, ഇലവുർ, കണ്ണൂർ- 670016. .....എതിർകക്ഷികൾ

ഹർജിക്കാരനായ ബാങ്ക്, കുടിശിക തുകയും അതിന്റെ പലിശയും സഹിതം ആകെ Rs. 1,38,00,913.46/- (ഒരു കോടി മുപ്പത്തെട്ട് ലക്ഷത്തി തൊള്ളായിരത്തി പതിമൂന്ന് രൂപ നാൽപ്പത്താറ് പൈസ) രൂപ തിരിച്ചുപിടിക്കുന്നതിനായി താങ്കൾക്കെതിരേ, അതായത് എതിർകക്ഷികൾക്കെതിരെ മേൽപ്പറഞ്ഞ കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ; ബംഗളൂരുവിലെ ഡെറ്റ്സ് റിക്കവറി ട്രൈബ്യൂണൽ മുൻപാകെ 07/01/2027 തിയതി ഭാവിലെ 10.30 മണിക്ക് നേരിട്ടോ അല്ലെങ്കിൽ ഒരു പ്ലീഡർ (അഡ്വിഭാഷകൻ) മുഖേനയോ ഹാജരായി ഇതിന് മറുപടി നൽകേണ്ടതാണ്. ഇതിൽ വിഴ്ച വരുത്തിയാൽ കേസ് ഏകപക്ഷീയമായി തീർപ്പുകൽപ്പിക്കുന്നതായിരിക്കും.
ട്രൈബ്യൂണലിന്റെ ഉത്തരവുപ്രകാരം, ട്രൈബ്യൂണലിന്റെ കൈയൊപ്പും മുദ്രയും സഹിതം 2026 നവംബർ 3ന് ബംഗളൂരുവിലെ ഡെറ്റ്സ് റിക്കവറി ട്രൈബ്യൂണൽ രജിസ്ട്രാർ ഇത് പുറപ്പെടുവിച്ചിരിക്കുന്നു.

അപേക്ഷകന്റെ അഭിഭാഷകൻ.
യുണൈറ്റഡ് സോളിസിറ്റേഴ്സ് ലോ ഫേം,
യോഗീശ കുമാര
അഭിഭാഷകർ,
നമ്പർ 107, മൂന്നാം നില, 30ാം ക്രോസ് റോഡ്, ജൈനക്ഷേത്രത്തിന് എതിർവശം, നാലാം ബ്ലോക്ക് ജയനഗർ [വെസ്റ്റ്], ബംഗളൂരു- 560011.

ട്രൈബ്യൂണലിന്റെ ഉത്തരവുപ്രകാരം,
(ഡെറ്റ്സ് റിക്കവറി ട്രൈബ്യൂണൽ രജിസ്ട്രാർ)
ബംഗളൂരു

ജിഐസി ഹൗസിങ് ഫിനാൻസ് ലിമിറ്റഡ്

കോർപ്പറേറ്റ് ഓഫിസ്/ ഹെഡ് ഓഫിസ്: ജിഐസിഎഫ്എച്ച്എൽ, നാഷണൽ ഇൻഷ്വറൻസ് ബിൽഡിങ്, 63ം നില, 14, ജംഷഡ്ജി ടാറ്റ റോഡ്, ചർച്ച്ഗേറ്റ്, മുംബൈ- 400020. ഫോൺ നമ്പർ: 022-43041900. ഇമെയിൽ: corporate@gichf.com വെബ്സൈറ്റ്: www.gichfindia.com
• ബ്രാഞ്ച് ഓഫിസ് വിലാസം: കൊച്ചി ബ്രാഞ്ച്: പഴയ ഓഫിസ് വിലാസം: ജിഐസി ഹൗസിങ് ഫിനാൻസ് ലിമിറ്റഡ്, ഒന്നാം നില, ഡോർ നമ്പർ XL/5396-A, ഏലിയാസ് ചേമ്പേഴ്സ്, സരിത തിയേറ്ററിന് സമീപം, ബാനർജി റോഡ്, എറണാകുളം- 682018. പുതിയ ഓഫിസ് വിലാസം: ഡോർ നമ്പർ 67/3644/B7, രണ്ടാം നില, എവർഷൈൻ എൻക്ലേവ്, ബാനർജി റോഡ്, എറണാകുളം. പിൻ: 682031.
ഓഫിസ് ഫോൺ: 0484-2364885, 2374844, 8547592387. ബ്രാഞ്ച് ഇമെയിൽ ഐഡി: KOCHI@GICHFINDIA.COM
അംഗീകൃത ഉദ്യോഗസ്ഥൻ: ബിജോയ് ബാബു- 8547592387

ഇ-ലേല വിൽപ്പന അറിയിപ്പ്

ഇ-ലേല തീയതി: 21.12.2026 / ബിഡ് സമർപ്പിക്കാനുള്ള അവസാന തീയതി: 19.12.2026

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റ്റസ്റ്റ് ആക്റ്റ് & 2002ലെ സെക്യൂരിറ്റി ഇന്റ്റസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾസിലെ സെക്ഷൻ 13 (12) എന്നിവ പ്രകാരം റൂൾ 3 ചേർത്തു വായിക്കുക, നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് ജിഐസി ഹൗസിങ് ഫിനാൻസ് ലിമിറ്റഡിന്റെ (ജിഐസിഎച്ച്എഫ്എൽ) അംഗീകൃത ഉദ്യോഗസ്ഥൻ എന്ന നിലയിൽ, താഴെപ്പറയുന്ന വായ്പക്കാർക്ക്/ മോർട്ടഗേജർമാർക്ക് പ്രസ്തുത നോട്ടീസുകളിൽ സൂചിപ്പിച്ചിട്ടുള്ള കുടിശിക തുക തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഡിമാൻഡ് നോട്ടീസ് നൽകിയിട്ടുള്ളതാണ്. എന്നാൽ, വായ്പക്കാർ/ മോർട്ടഗേജർമാർ പ്രസ്തുത കുടിശിക തുക തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ, പ്രസ്തുത നിയമത്തിലെ സെക്ഷൻ 13(4), സെക്ഷൻ 14 എന്നിവയും പ്രസ്തുത ചട്ടങ്ങളിലെ റൂൾ 8 എന്നിവ പ്രകാരം ജിഐസിഎച്ച്എഫ്എല്ലിന്റെ അംഗീകൃത ഉദ്യോഗസ്ഥർ താഴെപ്പറയുന്ന വസ്തുക്കളുടെ ഭൗതിക കൈവശാവകാശം ഏറ്റെടുത്തിട്ടുള്ളതാണ്.

Sr. No.	ലോൺ അക്കൗണ്ട് നമ്പർ/ വായ്പക്കാരൻ/ സഹവായ്പക്കാരൻ/ ജാമ്യക്കാരൻ എന്നിവരുടെ പേര്/ ശാഖ	വസ്തുവിന്റെ വിലാസം/ വസ്തുവിന്റെ വിസ്തീർണം (ബിൽട്ടപ്പ് ഏരിയ- ചതുരശ്ര അടിയിൽ)	ഡിമാൻഡ് നോട്ടീസ് അയച്ച തിയതി	ഭൗതിക/ പ്രതികാത്മക കൈവശാവകാശം ഏറ്റെടുത്ത തിയതി	06.11.2026 പ്രകാരമുള്ള ആകെ കുടിശിക തുക (മുതൽ, പലിശ, മറ്റ് ചാർജുകൾ എന്നിവയുൾപ്പെടെ) (രൂപയിൽ)	റിസർവ് വില (രൂപയിൽ)
1	KL0090610001725 വി.വി. ഹരിഷ് (വായ്പക്കാരൻ)	അപ്പാർട്മെന്റ് നമ്പർ ജെ 4, നാലാം നില, മൈ കാസിൽ അപ്പാർട്മെന്റ്സ്, പോഞ്ഞാശേരി, (റിസർവെ നമ്പർ: 22/7/3, 22/7/2/2) അറയ്ക്കപ്പടി വില്ലേജ്, കുന്നത്തുനാട് താലൂക്ക്, എറണാകുളം ജില്ല, പിൻ: 683547 (1056 ചതുരശ്രയടി ബിൽട്ടപ്പ് ഏരിയ)	28-10-2021 & 18-11-2021	07-02-2022 (Symbolic)	66,63,759/-	28,51,200/-
2	KL0090610001568 ലഞ്ചുമോൻ ജോബി (വായ്പക്കാരൻ)	ഡോർ നമ്പർ 20/96/C, ഫ്ലോർ നമ്പർ- ഗ്രൗണ്ട്, സർവെ നമ്പർ 23/4-2, ചെട്ടിമംഗലം, അയ്യർകുളങ്ങരയ്ക്ക് സമീപം, നടുവില വില്ലേജ്, വൈക്കം താലൂക്ക്, കോട്ടയം ജില്ല, കേരളം. പിൻ: 686141 (5.98 സെന്റ് സ്ഥലവും 913 ചതുരശ്രയടി വിസ്തീർണമുള്ള വീടും)	06-12-2023	03-02-2026 (Physical)	26,69,380/-	19,03,860/-
3	KL0090610001792 ശ്രീരാജ് ശ്രീകുമാർ (വായ്പക്കാരൻ) & ഗായർ കുറുപ്പ് (സഹവായ്പക്കാരൻ)	ബിൽഡിങ് നമ്പർ 195B, ഫ്ലോർ നമ്പർ- ഗ്രൗണ്ട്+1, റിസർവെ നമ്പർ 94/6-2-3, ബ്ലോക്ക് നമ്പർ 18, പുറക്കാട് വില്ലേജ്, അമ്പലപ്പുഴ താലൂക്ക്, ആലപ്പുഴ ജില്ല, പിൻ: 688561 (3.98 സെന്റ് സ്ഥലവും 2387 ചതുരശ്രയടി വിസ്തീർണമുള്ള വീടും)	28-10-2021 & 18-11-2021	22-10-2024 (Physical)	7781152/-	43,23,848/-
4	KL0090610001649 ഷാജി കെ.ആർ. (വായ്പക്കാരൻ) & മിനി റോസ് (സഹവായ്പക്കാരൻ)	ഡോർ നമ്പർ 17/704 G, ഫ്ലോർ നമ്പർ- ഗ്രൗണ്ട്+1, സർവെ നമ്പർ 8/1-1, ആലങ്ങാട് വില്ലേജ്, പറവൂർ താലൂക്ക്, എറണാകുളം ജില്ല, കേരളം, പിൻ: 683517 (3.01 സെന്റ് സ്ഥലവും 1024 ചതുരശ്രയടി വിസ്തീർണമുള്ള വീടും)	06-12-2023	02-06-2026 (Physical)	49,76,808/-	29,32,110/-

ഇ-ലേല തീയതിയും സമയവും: 21.12.2026ന് വെബ് പോർട്ടലിൽ (https://www.bankauctions.in) ഉച്ചകഴിഞ്ഞ് 3.00 മുതൽ 04.00 വരെ (ഓരോ 5 മിനിറ്റ് വീതമുള്ള അൺലിമിറ്റഡ് എക്സ്റ്റൻഷനുകളോടെ).

നിരദിഷ്ട ടെൻഡർ ഫോമിലുള്ള ടെൻഡർ/ സീൽഡ് ബിഡ്, നിരതദ്രവ്യം, കെവൈസി രേഖകൾ എന്നിവ സഹിതം ഓൺലൈൻ മുഖേനയോ മുകളിൽ സൂചിപ്പിച്ച ജിഐസിഎച്ച്എഫ് ഓഫിസിലോ അവസാന തിയതിയായ 19.12.2026ന് വൈകിട്ട് 5.00 മണിക്ക് മുൻപ് സമർപ്പിക്കേണ്ടതാണ്.

മുകളിൽ പറഞ്ഞിരിക്കുന്ന ആസ്തികൾ/ വസ്തുക്കൾ ഇ-ലേലം വഴി വിൽക്കുന്നതിനുള്ള ഈ പൊതുഅറിയിപ്പിന്റെ തുടർച്ചയായി (2002ലെ സർഫേസി നിയമത്തിലെയും അതിനു കീഴിലുള